"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ്-ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ. മുരളീധരൻ കെ. , ജോയിന്റ് ഡയറക്ടർ (റിട്ട.) ഫയൽ ചെയ്ത ഒ എ (ഇകെഎം) 961/2020 ന്മേലുള്ള 16.02.2026 ലെ അന്തിമ വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1915/2026/LSGD തീയതി,തിരുവനന്തപുരം, 12-10-2026

---

പരാമർശം:-

1. 31.07.2018 ലെ വകുപ്പുതല പ്രമോഷൻ കമ്മിറ്റി (ഹയർ) യോഗ തീരുമാനം
2. സ.ഉ.(പി) 102/2017/തസ്വഭവ തിയതി 22/12/2017
3. സ.ഉ.(സാധാ) 26/2018/തസ്വഭവ തിയതി 03.01.2018
4. ഒ എ (ഇകെഎം) 961/2020ന്മേലുള്ള 16.02.2026 ലെ അന്തിമ വിധി
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.05.2026 ലെ LSGD/PD/12748/2026-DEA1 നം. കത്ത്.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.05.2026 ലെ LSGD/PD/12748/2026-DEA1 നം. കത്ത്.
7. 08.08.2025 ന് ചേർന്ന റിവ്യൂ ഡി പി സി യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയം ഭരണ പഞ്ചായത്ത് വകുപ്പിൽ നിന്നും 31.07.2018 ന് ജോയിന്റ് ഡയറക്ടർ തസ്തികയിൽ വിരമിച്ച ശ്രീ. മുരളീധരൻ കെ., പരാമർശം 1 വകുപ്പുതല പ്രമോഷൻ കമ്മിറ്റി (ഹയർ) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച പരാമർശം 2 സെലക്ട് ലിസ്റ്റിൽ നിന്നും തന്നെ ഒഴിവാക്കിയത് കാരണം തനിക്ക് അർഹതപ്പെട്ട സ്ഥാനക്കയറ്റം ലഭിക്കാൻ ആറ് മാസത്തെ കാലതാമസം നേരിടേണ്ടി വന്നുവെന്നും കൂടാതെ തനിക്ക് അർഹമായ DCRG ലഭിക്കാൻ കാലതാമസമായത് കാരണം വലിയ സാമ്പത്തിക നഷ്ടം ഉണ്ടായി എന്നും ആയതിനാൽ ശ്രീമതി ജോസ്നമോൾ എസ്. ന് ജോയിന്റ് ഡയറക്ടർ ആയി സ്ഥാനക്കയറ്റം നൽകിയ പരാമർശം 3 ഉത്തരവ് തിയതി പ്രാബല്യത്തിൽ തനിക്കും നോഷണലായി സ്ഥാനക്കയറ്റം അനുവദിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ പെൻഷനും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കണമെന്ന്

ആവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ **OA (EKM) 961/2020** നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. ആയത് പരിഗണിച്ച് ശ്രീമതി ജോസ്നമോൾ എസ്-ന് നൽകിയ പ്രകാരം സ്ഥാനക്കയറ്റവും ആനുകൂല്യങ്ങളും ശ്രീ മുരളീധരൻ കെ-ക്ക് നൽകി മൂന്ന് മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം **4** പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **KSR** ഭാഗം **I** ലെ ചട്ടം **23**(സി) പ്രകാരം ശമ്പളത്തിന്റെയും ആനുകൂല്യങ്ങളുടേയും കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ, ശ്രീമതി ജോസ്നമോൾ എസ്-ന് ജോയിന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച **03.01.2018** തിയതി പ്രാബല്യത്തിൽ ശ്രീ. മുരളീധരൻ കെ- ക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് നോഷണൽ പ്രമോഷൻ അനുവദിച്ച് ഉത്തരവാകുന്നു. നോഷണൽ പ്രമോഷന്റെ അടിസ്ഥാനത്തിൽ ശ്രീമതി ജോത്സനമോൾക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിൽ ശമ്പള നിർണ്ണയം അനുവദിച്ച തിയതി പ്രാബല്യത്തിൽ ശ്രീ മുരളീധരൻ കെ-യുടെ ശമ്പളവും ആനുകൂല്യങ്ങളും നോഷണലായി ഫിക്സ് ചെയ്ത് പ്രസ്തുത നോഷണൽ- പേ യുടെ അടിസ്ഥാനത്തിൽ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ പുനർ നിർണയിക്കാേണ്ടതിന് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ പ്രകാരം ശ്രീ. മുരളീധരൻ കെ. ഫയൽ ചെയ്ത ഒ എ (ഇകെഎം) **961/2020** ന്മേലുള്ള **10.04.2025** ലെ അന്തിമ വിധി നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.കെ അനിൽ ജോയ്

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള (തിരുവനന്തപുരം/തൃശ്ശൂർ)
ശ്രീ. മുരളീധരൻ കെ, ജോയിന്റ് ഡയറക്ടർ (റിട്ട.), കൃഷ്ണ, നൻമിണ്ട ,കോഴിക്കോട്-**673613**
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഇപിബി**1/122/2020**-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Digitally signed by Sivaprasad V N
Date: 12-10-2026 14:02:56

സെക്ഷൻ ഓഫീസർ